**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 429** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് കായിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം വിവിധ തലങ്ങളിലാണ് നടപ്പിലാക്കി വരുന്നത്.**<br><br>**കായിക വകുപ്പിലെ വിവിധ നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കായി 2016-17, 2017-18 വർഷങ്ങളിൽ വിവിധ ഘട്ടങ്ങളിലായി കിഫ്ബി ധനസഹായത്തോട്ടു കൂടി 800 കോടിയോളം രൂപയുള്ള 59 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കിഫ്ബി പ്രവൃത്തികളുടെ എസ്.പി.വി. ആയിരുന്ന കിറ്റ്കോയെ പദ്ധതി നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ടി പ്രവൃത്തികൾ കിറ്റ്കോ മുഖാന്തിരം പുരോഗമിച്ചു വരികയുമാണ്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിൽ 8പ്രവൃത്തികൾ എസ്.പി.വി.യായ കിറ്റ്കോ പൂർത്തീകരിച്ചിട്ടുണ്ട്. 4 പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. 18 പദ്ധതികളുടെ പ്രവൃത്തി പുരോഗമിക്കുകയും 4 പദ്ധതികൾ ടെണ്ടറിംഗ് ഘട്ടത്തിലുമാണ്.**<br><br>**കായിക യുവജനകാര്യാലയത്തിനു കീഴിൽ പ്രവർത്തിച്ചു വന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചു കൊണ്ട് 'സ്പോർട്സ് കേരള ഫൗണ്ടേഷൻ' എന്ന പൊതുമേഖല കമ്പനി രൂപീകരിച്ചിട്ടുണ്ട്.**<br><br>**കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ എസ്.പി.വിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രാരംഭ ഘട്ടങ്ങളിൽ തുടരുന്ന** |

കിഫ്ബി പദ്ധതികളുടെ നടത്തിപ്പ് സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പ്രസ്തുത പദ്ധതി നിർവഹണത്തിനായുള്ള ധാരണാപത്രം അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും 12.07.2022 തീയതിയിലെ സ.ഉ.(അച്ചടി) നം. 1/2022/കായുവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള കളിക്കളങ്ങളുടെ നിർമ്മാണ നിർവ്വഹണവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാരിന്റെ 'എല്ലാവർക്കും ആരോഗ്യം' എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 9 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ 10-ഓളം ഫിറ്റ്നസ് സെൻററുകളുടെ പ്രവൃത്തി നടപ്പിലാക്കിവരികയുമാണ്. ഫിറ്റ്നസ് സെൻററുകളിലേക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി (3 വർഷത്തെ എ.എം.സി ഉൾപ്പെടെ) 4.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇന്റീരിയർ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപകരണങ്ങൾ സജ്ജീകരിച്ച് ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതാണ്.

ടൂറിസം വകുപ്പിന് കീഴിൽ കായിക യുവജനകാര്യ വകുപ്പ് മുഖേന 7 ജില്ലകളിൽ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) ഓപ്പൺ ജിംനേഷ്യം ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ മലപ്പുറം ജില്ലയിൽ ഉൾപ്പെടുത്തിയിട്ടുള്ള വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ കളിയാട്ടമുക്ക് സ്റ്റേഡിയത്തിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. തൃത്താല നിയോജകമണ്ഡലത്തിലെ തിരുമിറ്റക്കോട്, നാഗലശ്ശേരി, ചാലിശ്ശേരി, തൃത്താല എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓപ്പൺ ജിംനേഷ്യവും അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കുന്നതിനായി എം.എൽ.എ ഫണ്ട് മുഖേന 40,00,000/- രൂപ

| | | | |
|---|---|---|---|
| | | | **അനുവദിച്ചിട്ടുണ്ട്. ഇവയുടെ പ്രവൃത്തിയും ഉടൻ ആരംഭിക്കുന്നതാണ്.**<br><br>**ജി.വി.രാജ സ്പോർട്സ് സ്കൂൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് കായിക വകുപ്പ് ഏറ്റെടുത്തതിന് ശേഷം നിരവധി അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ പ്രസ്തുത സ്കൂളിൽ നടപ്പിലാക്കി വരുന്നുണ്ട്.**<br><br>**കണ്ണൂർ സ്പോർട്സ് ഡിവിഷനോടനുബന്ധിച്ച് കായിക താരങ്ങൾക്കായി സുസജ്ജമായ ഹോസ്റ്റൽ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത ഹോസ്റ്റലിന്റെ നവീകരണ പ്രവൃത്തികൾ കഴിഞ്ഞ സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുണ്ട്.**<br><br>**തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ ഒരു സ്പോർട്സ് ഡിവിഷൻ 23.04.2022 ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.** |
| (ബി) | സ്റ്റേഡിയങ്ങളുടെയും ഇടുക്കിയിലെ ട്രെയിനിംഗ് സെന്ററിന്റെയും പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (ബി) | **കായിക രംഗത്തെ വളർച്ചയ്ക്കായും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഇടുക്കിയിൽ ചുവടെ പറയുന്ന പദ്ധതികൾ പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ മുഖാന്തിരം പുരോഗമിച്ചു വരുന്നു പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.**<br><br>**1) കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം, ഇടുക്കി - ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.**<br><br>**2) <u>നെടുങ്കണ്ടം സ്റ്റേഡിയം, ഇടുക്കി</u> - പ്രവൃത്തി 75% പൂർത്തീകരിച്ചു. ട്രാക്ക് പ്രവൃത്തികൾ പുരോഗമിക്കുന്നു.**<br><br><u>3) ഹൈ ആൾട്ടിറ്റ്യൂട്ട് ട്രെയിനിംഗ് സെൻറർ</u><br><br>**മൂന്നാർ ഹൈ ആൾട്ടിറ്റ്യൂട്ട് ട്രെയിനിംഗ് സെന്റർ നവീകരണ പ്രവൃത്തികൾ സംബന്ധിച്ച് വിശദമായ ഒരു എഞ്ചിനീയറിംഗ് റിപ്പോർട്ടും ഒരു മാസ്റ്റർ പ്ലാനും തയ്യാറാക്കുവാൻ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ സമഗ്രമായ എഞ്ചിനീയറിംഗ് റിപ്പോർട്ടും മാസ്റ്റർ പ്ലാനും തയ്യാറാക്കി വരികയാണ്.** |
| (സി) | സംസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഇന്റർനാഷണൽ സ്റ്റേഡിയം നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ; | (സി) | **കോഴിക്കോട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷനിലെ ഉദ്യോഗസ്ഥർ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയുണ്ടായി. ആയതിന്റെ റിപ്പോർട്ട്** |

| | | | |
|---|---|---|---|
| | | | **ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ഡി) | സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ? | (ഡി) | **ഉണ്ട്.**<br><br>**സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തനത് കായിക വികസനങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് വിശദമായൊരു പദ്ധതിയാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പ്രസ്തുത പദ്ധതി നിർവഹണത്തിനായുള്ള ധാരണാപത്രം അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള കളിക്കളങ്ങളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയിലൂടെ വിവധഘട്ടങ്ങളിലായി എല്ലാ പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്ലറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ് തുടങ്ങിയ സൗകര്യങ്ങൾ, കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ, ശാരീരിക മാനസിക വ്യായാമത്തിനുള്ള സൗകര്യങ്ങൾ, പ്രാദേശിക കളികൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങിയവയാണ് പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഏകദേശം 1 ഏക്കർ വിസ്തൃതിയുള്ള ഉറസായ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.** |

സെക്ഷൻ ഓഫീസർ